ലോകായുക്തയിൽ താൽക്കാലിക ജീവനക്കാർ

187 (3341) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോകായുക്തയിൽ കരാർ അടിസ്ഥാനത്തിൽ താൽക്കാലിക ജീവനക്കാരെ നിയമിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത നടപടിയുടെ ഇപ്പോഴത്തെ അവസ്ഥയെന്താണ്; ബന്ധപ്പെട്ട ഫയലിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) പ്രസ്തുത താൽക്കാലിക ജീവനക്കാരുടെ നിയമന വ്യവസ്ഥയെന്താണ്; ഇവരുടെ നിയമന ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ഡി) പ്രസ്തുത നിയമനങ്ങളിൽ സംവരണ തത്വം പാലിച്ചിട്ടുണ്ടോ?

ഉത്തരം

(എ&ബി) ലോകായുക്തയിൽ സ്റ്റെഷ്യൽ റൂൾസ് നിലവിലില്ലാത്തതിനാൽ നിയമനങ്ങൾ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലും കോ-ടെർമിനസ് വ്യവസ്ഥയിലുമാണ് നടത്തിവരുന്നത്. ഇപ്രകാരം ജീവനക്കാരെ ലഭിക്കാത്ത സാഹചര്യത്തിൽ ലോകായുക്തയുടെ ഉത്തരവുപ്രകാരം ദിവസവേതന അടിസ്ഥാനത്തിലും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയും നിയമനങ്ങൾ നടത്താറുണ്ട്. നിലവിൽ 3 ജീവനക്കാർ ദിവസവേതനാടിസ്ഥാനത്തിലും 2 പേർ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയും ജോലി നോക്കി വരുന്നുണ്ട്.

(സി) അഞ്ചു വർഷ കാലാവധിയിൽ നിയമിക്കപ്പെടുന്ന ബഹുമാനപ്പെട്ട ലോകായുക്ത ഉപലോകായുക്തമാർ അവരുടെ പേഴ്സണൽ സ്റ്റാഫിനെ കോ-ടെർമിനസ് വ്യവസ്ഥയിൽ ബഹുമാനപ്പെട്ട ലോകായുക്തയുടെ ഉത്തരവ് അനുസരിച്ച് അഞ്ചുവർഷത്തേക്കോ അല്ലെങ്കിൽ ബഹുമാനപ്പെട്ട ലോകായുക്തയുടെ തീരുമാനപ്രകാരം എപ്പോൾ വേണമെങ്കിലുമോ സർവ്വീസിൽനിന്നും വിരമിച്ചുവിടാം എന്ന വ്യവസ്ഥയിലാണ് നിയമിക്കുന്നത്.

(ഡി) കേരള ലോകായുക്തയിൽ നിയമനങ്ങളുമായി ബന്ധപ്പെട്ട് വിശേഷാൽ ചട്ടങ്ങൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുവരികയാണ്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയുള്ള നിയമനങ്ങളിൽ സംവരണതത്വം പാലിക്കുന്നുണ്ട്.

997/2018

LIBRARY ARCHIVES Kerala Legislative Assembly